# അങ്ങാടിപത്രം

നമ്മുടെ നാടിന്റെ വാർത്താജാലകം

Volume: 02, Issue:13

ഓഗസ്റ്റ് 10 ബുധൻ 2022

ഡോൺ ബോസ്കോ ആർട്സ് & സയൻസ് കോളേജ് ജേർണലിസം വിഭാഗം ദ്വൈവാര പ്രസിദ്ധീകരണം


# പാലം നിർമ്മാണം അനിശ്ചിതത്വത്തിൽ

എലിസബത്ത് ടി സാബു

രണ്ടാംകടവ് പടവിൽച്ചാൽ പാലത്തിന്റെ നിർമ്മാണം അനിശ്ചിതത്വത്തിൽ. വാളത്തോട് - രണ്ടാംകടവ് റോഡുമായി ബന്ധിപ്പിക്കുന്ന പാലത്തിന്റെ നിർമാണം ആദ്യ ഘട്ടം മാത്രമാണ് പൂർത്തിയായിട്ടുള്ളത്. അപ്രോച്ച് റോഡിന്റെയും കൈവരിയുടെയും പണി പൂർത്തീകരിക്കാത്തതിനാൽ പാലം ഇപ്പോൾ യാത്രായോഗ്യമല്ല. തൊഴിലുറപ്പ് പദ്ധതിയിലുൾപ്പെടുത്തി പത്ത് ലക്ഷം രൂപ ചിലവിൽ ആറ് മീറ്റർ നീളത്തിൽ ബ്ലോക്ക് പഞ്ചായത്താണ് പാലത്തിന്റെ ആദ്യഘട്ട നിർമാണം പൂർത്തീകരിച്ചത്.


നിർമ്മാണം മുടങ്ങിക്കിടക്കുന്ന പടവിൽച്ചാൽ പാലം

യാത്രാക്ലേശം അനുഭവിച്ചുക്കൊണ്ടിരുന്ന പടവിൽച്ചാൽ നിവാസികൾക്ക് പാലത്തിന്റെ വരവോടെ ജീവിത സൗകര്യങ്ങൾ മെച്ചപ്പെടുമെന്ന് കരുതിയെങ്കിലും നിർമ്മാണ പ്രവർത്തനങ്ങൾ നിർത്തിവെച്ചത് ജനങ്ങളെ ഏറെ ദുരിതത്തിലാഴ്ത്തിയിട്ടുണ്ട്. അപ്രോച്ച് റോഡില്ലാത്തിനാൽ ആളുകൾ മരത്തടിയിലൂടെ ഇറങ്ങിയാണ് തോട് കടന്ന് പോകുന്നത്.'പാലത്തിന്റെ ഇരുവശങ്ങളിലും മണ്ണിട്ട് ഉയർത്തി കൈവരിയുടെയും അപ്രോച്ച് റോഡിന്റെയും പണി പൂർത്തീകരിച്ചാൽ മാത്രമേ ഈ പാലം കൊണ്ട് ഞങ്ങൾക്ക് ഉപകാരമുള്ളു' പ്രദേശവാസി ചാക്കോ പടവിൽ പറഞ്ഞു.

'നീണ്ടുപോകുന്ന പാലത്തിന്റെ നിർമ്മാണം പ്രദേശവാസികളുടെ നീണ്ട നാളത്തെ ദുരിത ജീവിതത്തിന് ആക്കം കൂട്ടുകയാണ്. ഇതിനെതിരെ പഞ്ചായത്തിൽ പരാതിപ്പെട്ടപ്പോൾ നിലവിൽ പാലം പണി പൂർത്തീകരിക്കാൻ പഞ്ചായത്തിൽ ഫണ്ടില്ലെന്നും ബിൽ പാസ്സാക്കി പണി പൂർത്തീകരിക്കാൻ കുറഞ്ഞത് ഒന്നര വർഷം എടുക്കുമെന്നുമാണ് അറിയാൻ കഴിഞ്ഞത്.' പ്രദേശവാസി ബിനേഷ് നാലോലിക്കൽ പറഞ്ഞു.

'മഴക്കാലത്ത് സ്കൂളുകളിലേക്കും ആശുപത്രിയിലേക്കുമുള്ള യാത്രയാണ് ജനങ്ങളെ ഏറ്റവും ബുദ്ധിമുട്ടിക്കുന്നത്. പാലം പണിയുന്നതിന് മുൻപ് ചില വാഹനങ്ങളെങ്കിലും ഈ വഴിയിലൂടെ കടന്നുപോകുമായിരുന്നു. എന്നാൽ ഇപ്പോൾ അതും സാധ്യമല്ല. അതുകൊണ്ടു തന്നെ അത്യാവശ്യഘട്ടങ്ങളിൽ വയോധികരേയും കുട്ടികളേയും ചുമന്നാണ് അക്കരെയെത്തിക്കുന്നത്. ഇത് അപകടസാധ്യത വർദ്ധിപ്പിക്കുന്നു. അതിനാൽ പാലം പടവിൽച്ചാൽ നിവാസികൾക്ക് അനിവാര്യമാണ്.' പ്രദേശവാസി ജിസ്ബി പടവിൽ പറഞ്ഞു.

## അയ്യൻകുന്ന് പഞ്ചായത്ത് ഐഎൽജിഎംഎസ് ന്റെ ഭാഗമായി

റിം താഹി നാബം

അയ്യൻകുന്ന് പഞ്ചായത്ത് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും നടപ്പിലാക്കുന്ന സംയോജിത പ്രാദേശിക ഭരണ മാനേജ്മെന്റ് സമ്പ്രദായത്തിന്റെ (ILGMS) ഭാഗമായി. പൊതുജനങ്ങൾക്ക് ഗ്രാമപഞ്ചായത്തുകളിൽ നിന്ന് ലഭിക്കുന്ന എല്ലാ സേവനങ്ങളും സമയബന്ധിതമായി ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള ക്രമീകരണം ഉണ്ടാക്കുക എന്ന സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം മുൻനിർത്തി ഇൻഫർമേഷൻ കേരള മിഷൻ വികസിപ്പിച്ചെടുത്ത ഒരു ഓപ്പൺ സോഴ്സ് സോഫ ്റ്റ്വെയറാണ് ഐഎൽജിഎംഎസ്.

കെട്ടിടത്തിന്റെ ഓണർഷിപ്പ്, ജനനം, മരണം, വിവാഹം, ബിപിഎൽ, ഉൾപ്പെടെ വിവിധ സർട്ടിഫിക്കറ്റുകൾക്കുള്ള അപേക്ഷകൾ, വസ്തു നികുതി ഒഴിവിനുള്ള അപേക്ഷ, വിവരാവകാശ അപേക്ഷ, തുടങ്ങിയവ സമർപ്പിക്കാൻ എളുപ്പത്തിൽ സാധിക്കുന്നു.

ലൈസൻസ് ലഭിക്കുന്നതിനും പുതുക്കുന്നതിനുമുള്ള അപേക്ഷകൾ മുതൽ വികസന പദ്ധതി നിർദേശങ്ങൾ നൽകുന്നത് വരെയുള്ള സൗകര്യം ഐഎൽജിഎംഎസിലും അതിന്റെ ഭാഗമായുള്ള സിറ്റിസൺ പോർട്ടലിലും ലഭ്യമാണ്. ഗ്രാമപഞ്ചായത്തുകളിലെ ഭരണ നിർവഹണ നടപടികളും സേവനങ്ങളും പൊതുജനങ്ങൾക്ക് വീട്ടിലിരുന്നുതന്നെ സുതാര്യമായി ലഭ്യമാക്കുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്.




നിലവിൽ ഓൺലൈൻ പോർട്ടലിൽ 213 സേവനങ്ങൾ പൊതുജനങ്ങൾക്കായി ലഭ്യമാക്കിയിട്ടുണ്ട്. പോർട്ടൽ വഴി ആളുകളുടെ സുരക്ഷയ്ക്കായുള്ള നിയമ സഹായത്തിനും അപേക്ഷിക്കാം. 2020 ൽ സംസ്ഥാന സർക്കാർ 154 പഞ്ചായത്തുകളിൽ പരീക്ഷണാടിസ്ഥാനത്തിൽ ഈ സംവിധാനം വിന്യസിപ്പിച്ചിരുന്നു. ഇപ്പോൾ എല്ലാ പഞ്ചായത്തുകളിലും ഈ സംവിധാനം നടപ്പാക്കുന്നു.

പഞ്ചായത്ത് ഓഫീസുകളിൽ പോകാതെ തന്നെ സേവനങ്ങൾ സോഫ്റ്റ്വെയർ വഴി ജനങ്ങളിലെത്തുന്നതിലൂടെ ഭരണഘടന സംവിധാനങ്ങൾ എളുപ്പത്തിലാക്കാൻ സഹായിക്കുന്നു. പെയ്മന്റുകൾ ഓൺലൈനായി ചെയ്തും പോർട്ടൽ വഴി അപേക്ഷ നൽകിയും പൊതു ജനങ്ങൾക്ക് സേവനങ്ങൾ പ്രയോജനപ്പെടുത്താം. പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

## കനത്ത മഴയിൽ മണ്ണിടിച്ചിൽ

സെബിമോൾ കെ വർഗ്ഗീസ്സ്

കനത്ത മഴയെ തുടർന്ന് ഓടിച്ച്കുന്നിലെ പൂണോത്തൊടിയിൽ റഹിയാനത്തിന്റെ വീടിനു പിൻഭാഗത്ത് മണ്ണിടിഞ്ഞു വീണു. വെള്ളിയാഴ്ച രാവിലെ പത്തരയോടെയാണ് മണ്ണിടിച്ചിൽ ഉണ്ടായത്. മണ്ണിടിഞ്ഞതോടെ വീടിനു വിള്ളൽ വീഴുകയും പ്ലംബിംഗ് പൂർണമായും നശിക്കുകയും ചെയ്തു. മണ്ണിടിച്ചിൽ തുടരുന്നതിനാൽ ഇവരെയും സമീപത്തു താമസിക്കുന്ന മറ്റൊരു കുടുംബത്തേയും ബന്ധുവീടുകളിലേക്ക് മാറ്റി പാർപ്പിച്ചു.

രണ്ടു വർഷം മുമ്പ് ഉണ്ടായ കാലവർഷ കെടുതിയിൽ റഹിയാനത്തിന്റെ വീടിനു പിൻഭാഗത്ത് മണ്ണിടിഞ്ഞ് നാശനഷ്ടമുണ്ടായിരുന്നു. അന്ന് കെട്ടിയ മതിലടക്കമാണ് കഴിഞ്ഞ ദിവസം ഇടിഞ്ഞു വീണത്. 'പിൻ വശത്തു നിന്നും വസ്ത്രം കഴുകുകയായിരുന്നു. അപ്പോൾ വലിയ ശബ്ദത്തോടെ മണ്ണ് ഇടിഞ്ഞു വീഴുന്നത് കണ്ടു. വീടിന്റെ മറുവശത്തായിരുന്നതിനാൽ അപകടം ഒഴിവായി. അനിയത്തിയുടെ വീട്ടിലാണ് ഇപ്പോൾ താമസിക്കുന്നത്. എന്നാൽ ഇവിടെയും ഞങ്ങൾ പേടിച്ചാണ് കഴിയുന്നത്. എത്രയും പെട്ടെന്ന് ഇതിനൊരു പരിഹാരം ഉണ്ടാക്കുമെന്ന് അധികൃതർ അറിയിച്ചു.' റഹിയാനത്ത് പറഞ്ഞു.


കനത്ത മഴയെ തുടർന്ന് ഓടിച്ചുകുന്ന് റഹിയാനത്തിന്റെ വീടിനു പിൻഭാഗത്ത് മണ്ണിടിഞ്ഞ നിലയിൽ

ബുധനാഴ്ച്ച രാവിലെ വാണിയപ്പാറയിലെ കണ്ണിപ്പൊയിൽ സുരേഷിന്റെ വീട്ടിലെ കുളവും കനത്ത മഴയെ തുടർന്ന് ഇടിഞ്ഞു താഴ്ന്നു. ' വേനൽക്കാലത്ത് കിണർ വറ്റുമ്പോൾ വെള്ളം ലഭിക്കാനുള്ള ഏക സ്രോതസ്സായിരുന്നു ഈ കുളം.' സുരേഷ് പറഞ്ഞു. പഞ്ചായത്ത് വില്ലേജ് അധികൃതർ പ്രശ്ന ബാധിതമേഖല സന്ദർശിച്ചു.

## കരിക്കോട്ടക്കരി സ്കൂളിന് ഇരട്ടി മധുരം

കെ ജെ ജോജോ

ജില്ലാതല നെഹ്റു ട്രോഫി ഹോക്കി ടൂർണമെന്റ്, സുബ്രതോ കപ്പ് ഫുട്ബോൾ എന്നിവയിൽ കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂളിന് നേട്ടം. ഓഗസ്റ്റ് അഞ്ചാം തീയതി പാതിരിയാട് വച്ച് നടന്ന ഹോക്കി ടൂർണ്ണമെന്റിൽ പെൺകുട്ടികളുടെ വിഭാഗത്തിൽ ര ണ്ടാം സ്ഥാനം നേടി. ഇതേ ഇനത്തിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ ക്വാർട്ടർ ഫൈനലിൽ എത്തുകയും ചെയ്തു. സബ്ജില്ലാതല ഹോക്കി ടൂർണമെന്റിൽ ചാമ്പ്യന്മാരായ കരിക്കോട്ടക്കരി സെന്റ് തോമസ് ഹൈസ്കൂൾ ആൺ - പെൺ വിഭാഗങ്ങളിൽ ഒന്നാം സ്ഥാനം നേടിയിരുന്നു.

ജൂലൈ 31-ാം തീയതി നടന്ന ജില്ലാതല സുബ്രതോ കപ്പ് ഫുട്ബോളിലും സ്കൂൾ മികച്ച പ്രകടനം കാഴ്ചവയ്ക്കുകയും ക്വാർട്ടർ ഫൈനലിൽ എത്തുകയും ചെയ്തു. സബ്ജില്ലാതല ഫുട്ബോൾ മത്സരത്തിൽ പേരാവൂർ സെന്റ് ജോസഫ് ഹൈസ്കൂളിനെ തോൽപ്പിച്ചായിരുന്നു ചാമ്പ്യൻമാരായത്.


വിജയം കരസ്തമാക്കിയ കരിക്കോട്ടക്കരി ഹൈസ്കൂൾ ടീം

ജേർണലിസം വിദ്യാർത്ഥികൾക്ക് സർവ്വകലാശാല പരീക്ഷകൾ നടക്കുന്നതിനാൽ അടുത്ത ലക്കം അങ്ങാടിപത്രം 20 സെപ്തംബർ 2022ന് ആയിരിക്കും.

എഡിറ്റർ


വാർത്തകൾക്കും പരസ്യങ്ങൾക്കും വിളിക്കൂ... 9496698531

## എഡിറ്റോറിയൽ

# പൂർണ്ണതയാണ് ആവശ്യം

ബെർമിംങ്ഹാമിൽ നടക്കുന്ന കോമൺവെൽത്ത് ഗെയിംസിൽ ട്രിപ്പിൾ ജംമ്പിൽ സ്വർണവും വെള്ളിയും സ്വന്തമാക്കി എൽദോസ് പോളും അബ്ദുൽ അബൂബക്കറും കേരളത്തിന് അഭിമാനമായിരിക്കുകയാണ്. എന്നാൽ 130 കോടിയിലേറെ ജനസംഖ്യയുള്ള ഇന്ത്യയ്ക്ക് എന്തുകൊണ്ട് ആഗോള മത്സരങ്ങളിൽ മറ്റു രാജ്യങ്ങളെ പോലെ മികച്ച മെഡൽ നേട്ടം കാഴ്ചവയ്ക്കാൻ സാധിക്കുന്നില്ല എന്നുകൂടി ചിന്തിക്കേണ്ടിയിരിക്കുന്നു. ചെറുപ്രായത്തിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും കായിക ഇനങ്ങളിൽ മികച്ച അവസരങ്ങൾ ലഭിക്കുന്നുണ്ടെങ്കിൽ കൂടിയും ഇതേ മേഖലയിൽ ഒരു ഉപരിസാധ്യത തുലോം തുച്ഛമാണ്.

കായിക മേഖലയിൽ തുടരണമെന്ന് ആഗ്രഹം ഉണ്ടെങ്കിൽ കൂടിയും അത് ഉപജീവനത്തിനുതകുന്ന സാഹചര്യമല്ലാത്തതിനാൽ പലരും കായിക മേഖല പാതിവഴിയിൽ ഉപേക്ഷിക്കുകയാണ്. കായിക താരങ്ങളെ മുന്നോട്ട് കൊണ്ടുവരാൻ അവസരങ്ങൾ സൃഷ്ടിക്കാത്തതാണ് ഇത്തരം അവസ്ഥകൾക്കുള്ള മൂലകാരണം. ഏതു കാര്യത്തിലും അതിന്റെ പൂർണ്ണത ലഭിക്കണമെങ്കിൽ ആദ്യം മുതൽ അവസാനം വരെ അതിന് അർഹിക്കുന്ന പ്രാധാന്യം കൊടുക്കുക തന്നെ വേണം. വിപരീതമായാൽ അതിന് ഫലമുണ്ടാകുകയില്ല. മാത്രമല്ല പാതിവഴിയിൽ ഉപേക്ഷിക്കുക എന്നത് അത് ചെയ്യാത്തതിനു തുല്യം തന്നെയാണ്. പലപ്പോഴും ജനങ്ങൾക്കിത് കൂടുതൽ ഉപദ്രവമായി മാറുന്നു.

പാലം പണി പൂർത്തിയായിട്ടും പാലത്തിലേക്കുള്ള അപ്രോച്ച് റോഡിന്റെയും കൈവരിയുടെയും പണി തീരാത്തതിനാൽ പാലം ഉപയോഗപ്രദമല്ല. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി കേവലം രണ്ട് മാസം കഴിഞ്ഞപ്പോഴേക്കും റോഡുകൾ തകരാറിലായിരിക്കുന്ന സ്ഥിരം കാഴ്ചയും ഇതിൽ നിന്ന് വിഭിന്നമല്ല. അർഹിക്കുന്ന പ്രാധാന്യത്തോടുകൂടി ചെയ്താൽ മാത്രമെ കാര്യങ്ങൾ അതിന്റെ പൂർണ്ണതയിൽ എത്തിക്കാനും ഉദ്ദേശത്തിനനുസരിച്ചുള്ള ഫലം ലഭ്യമാക്കാനും സാധിക്കുകയുള്ളൂ. അല്ലാത്ത പക്ഷം ഒരു ഉപദ്രവമായി മാറുകയുള്ളൂ.

-എഡിറ്റർ

# അങ്ങാടിയുടെ ചരിത്രം; ജോർജ് സാറിന്റെയും

അനുഗ്രഹ ആൻ ജോർജ്

ഓരോ നാടിനും ഒരു ചരിത്രമുണ്ട്. നാടിന്റെ ചരിത്രം നാട്ടുകാരുടേതുമാണ്. അങ്ങാടിക്കടവിന്റെ ചരിത്രവും വ്യത്യസ്തമല്ല. സ്വന്തം ജീവിതത്തെ അങ്ങാടിക്കടവിന്റെ ചരിത്രത്തോടൊപ്പം ചേർത്ത് വായിക്കാവുന്ന ഒരു വ്യക്തിയുണ്ടിവിടെ; ജോർജ് ഒറ്റപ്ലാക്കൽ. അദ്ദേഹത്തിന്റെ ജീവിതകഥ അങ്ങാടിക്കടവിന്റെ ചരിത്രം കൂടിയാണ്.

'അങ്ങാടിക്കടവിലെ ആദ്യകാല കച്ചവടക്കാരിൽ ഒരാളാണ് എന്റെ ജ്യേഷ്ഠൻ ജോസഫ്. എസ്എസ്എൽസി കഴിഞ്ഞപ്പോൾ തന്നെ കരിയറായി ബിസിനസ് ഞാൻ തിരഞ്ഞെടുത്തിരുന്നു. അക്കാലത്ത് ജേഷ്ഠന്റെ കടയിൽ സഹായിക്കാൻ നിൽക്കുകയും പ്രീഡിഗ്രി കഴിഞ്ഞ ശേഷം സ്വയം കച്ചവടത്തിലേക്ക് ഇറങ്ങുകയും ചെയ്തു.' ജോർജ് സർ പറയുന്നു. കച്ചവടത്തിനും സംഘടന ഭാരവാഹിത്യത്തിനുമൊപ്പം തന്നെ സാമൂഹ്യ സന്നദ്ധ പ്രവർത്തനങ്ങളിലും അദ്ദേഹം പങ്കാളിയായിരുന്നു.

**അമരക്കാരൻ**

1974 ൽ ജോർജ് സാറിന്റെ സ്റ്റേഷനറി കടയുൾപ്പടെ മൂന്ന് കടകളിൽനിന്ന് ഇന്നത്തെ അൻപതോളം കച്ചവട സ്ഥാപനങ്ങൾ ഉള്ള അങ്ങാടിക്കടവ് ടൗണിന്റെ വികസനത്തിൽ അങ്ങാടിക്കടവ് വ്യാപാരി വ്യവസായി ഏകോപന സമിതിയുടെ പങ്ക് വലുതാണ്. ഇതിൽ യൂണിറ്റ് പ്രസിഡണ്ട് ആയ ജോർജ് ഒറ്റപ്ലാക്കലിന്റെ സാന്നിധ്യം മറക്കാനാവാത്ത ഘടകമാണ്.

എൺപതുകളിൽ ആരംഭിച്ച കേരള വ്യാപാരി വ്യവസായി ഏകോപന സമിതി അങ്ങാടിക്കടവ് യൂണിറ്റിന്റെ പ്രാരംഭകാലം മുതൽ പ്രസിഡണ്ടായിരുന്ന ജോർജ് സർ സംഘടനയുടെ ഇരിട്ടി മേഖലാ പ്രസിഡണ്ടായും, ജില്ലാ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുണ്ട്. റബ്ബർ കർഷക സംഘടനയായ ആർ പി എസി ലും, ആനപ്പന്തി സർവീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡണ്ടായും പ്രവർത്തിച്ചിരുന്നു. സംഘടന അംഗങ്ങളുടെ ഉന്നമനത്തിനും അഭിവൃദ്ധിക്കും വേണ്ടി യത്നിച്ചിട്ടുണ്ട്. അങ്ങാടിക്കടവ് നിവാസികളായ മൂന്നുപേർക്ക് വൃക്ക മാറ്റൽ ശസ്ത്രക്രിയയ്ക്ക് വേണ്ടി ജോർജ് സാറിന്റെ നേതൃത്വത്തിൽ സംഘടനയും, പള്ളിയും, നാട്ടുകാരും ചേർന്ന് ചികിത്സാ ചെലവിനായി തുക സമാഹാരിച്ചു നല്കിയിരുന്നു.



**മറക്കാനാവാത്ത തലശ്ശേരി യാത്ര**

'വ്യവസായ ആവശ്യങ്ങൾക്കായി തലശ്ശേരിയിൽ പോയപ്പോൾ കണ്ട ഒരു സ്ത്രീയുടെ മുഖം ഞാൻ ഇന്നും ഓർക്കുന്നു. 60 65 ഓളം വയസ്സ് വരുന്ന ഒരു സ്ത്രീ ആശുപത്രിയുടെ മുന്നിൽ നിന്ന് കരഞ്ഞുകൊണ്ടിരിക്കുകയായിരുന്നു. ഈ കാഴ്ച കണ്ട് അന്വേഷിച്ചപ്പോൾ ആ സ്ത്രീയുടെ മകൾ അത്യാസന്നനിലയിൽ കിടക്കുകയാണെന്നും ബി പോസിറ്റീവ് രക്തം വേണമെന്നും അറിഞ്ഞു. എന്റെ രക്തഗ്രൂപ്പ് ബി പോസിറ്റീവ് ആയിരുന്നതിനാൽ ഉടനടി രക്തം കൊടുക്കുകയും ആ കുട്ടി രക്ഷപ്പെടുകയും ചെയ്തു. പിന്നീട് ഇവർ എന്റെ വീട് തേടി കണ്ടുപിടിച്ച് നന്ദി പറയാൻ വന്നത് മറക്കാൻ പറ്റാത്ത ഒരു അനുഭവമായിരുന്നു.' ജോർജ് സർ ഓർക്കുന്നു.

**വികസന പ്രവർത്തനങ്ങൾ**

അങ്ങാടിക്കടവിലെ ആദ്യ ആംബുലൻസ് വാങ്ങാൻ പള്ളിക്കാർക്കും നാട്ടുകാർക്കുമൊപ്പം സാറിന്റെ നേതൃത്വത്തിലുള്ള മർച്ചന്റ് അസോസിയേഷൻ വലിയൊരു തുക സംഭാവന ചെയ്തിട്ടുണ്ട്. മലയോരമേഖലയിലേക്കുള്ള റോഡ് നിർമ്മാണം, മറ്റു വികസന പ്രവർത്തനങ്ങളിലും അദ്ദേഹം സജീവമായിരുന്നു. എൺപതുകളിൽ ആനപ്പന്തി, അങ്ങാടിക്കടവ്, വാണിയപ്പാറ എന്നീ സ്ഥലങ്ങൾ അടങ്ങുന്ന 24 കിലോമീറ്റർ ചുറ്റളവിലേക്ക് വൈദ്യുതി കണക്ഷൻ എത്തിക്കുന്നതിനായി കരാർ ഏറ്റെടുത്ത് നടത്തിയത് ജോർജ് സാറായിരുന്നു.

**'സംതൃപ്തനാണ്'**

തന്റെ 40-47 വർഷത്തെ ബിസിനസ് കരിയറിൽ ഇവിടുത്തെ എല്ലാ വികസന പ്രവർത്തനങ്ങളിലും ജീവകാരുണ്യപ്രവർത്തനങ്ങളിലും സഹകരിക്കാനും എല്ലാം ഉദ്ദേശിച്ച രീതിയിൽ എത്തിക്കാനും സാധിച്ചതിലുള്ള സംതൃപ്തി ജോർജ് സർ പ്രകടിപ്പിക്കുന്നു. തന്റെ ജീവിതത്തിലൂടെ കടന്നു പോയ സംഭവങ്ങൾ, സുഹൃത്തുക്കൾ, ഇടപഴകുന്ന ആളുകൾ ഒക്കെ തനിക്കിപ്പോഴുള്ള ജീവിതത്തിലേക്ക് എത്തിച്ചേരാനുള്ള പ്രചോദനമാണെന്നും ജോർജ് സർ പറയുന്നു.

**കുടുംബം**

1956ൽ അങ്ങാടിക്കടവ് ഒറ്റപ്ലാക്കൽ കൊച്ചേട്ടൻ എന്നറി യപ്പെടുന്ന ജോസഫിനും റോസമ്മയ്ക്കും ഒൻപത് മക്കളിൽ ആറാമനായി ജനിച്ചു. ഭാര്യ ഷിജോ, മക്കൾ സ്റ്റെഫി, ബെസ്റ്റിൻ.

# ഉരുപ്പുംകുറ്റിയിൽ ഗതാഗതം ഭാഗീകമായി തടസ്സപ്പെട്ടു

നയന എം നായർ



ഞെട്ടിത്തോട് പി ഡബ്ല്യു ഡി റോഡിൽ ഉരുപ്പുംകുറ്റി കുരിശുപള്ളി ഭാഗത്ത് ഗതാഗതം ഭാഗീകമായി തടസ്സപ്പെട്ടു. മഴവെള്ളപ്പാച്ചിലിൽ ഞെട്ടിത്തോട് ഭാഗത്ത് നിന്ന് കുത്തിയൊഴുകി വന്ന കല്ലും മണ്ണും നിറഞ്ഞ വെള്ളം റോഡിന് വശത്തായുള്ള കനാലിലെ നീരൊഴുക്കിന് തടസ്സം വരുത്തി. ഇതു മൂലം റോഡിലേക്ക് വെള്ളം ഗതി മാറി ഒഴുകിയതാണ് ഗതാഗതത്തിന് തടസ്സം സൃഷ്ടിക്കുന്നത്. ഇത് അപകട സാധ്യത വർദ്ധിപ്പിക്കുന്നു.

'റോഡിലൂടെ മഴവെള്ളം ഒഴുകി വരുന്നതും കല്ലും മണ്ണും നിറഞ്ഞ കനാലുകൾ മഴക്കാലത്ത് വൃത്തിയാക്കാത്തതുമാണ് ഗതാഗത തടസ്സം സൃഷ്ടിക്കുന്നത്. സ്വകാര്യ ഭൂമിയിലേക്കുള്ള കലുങ്കുകൾ അടച്ച് വെള്ളം റോഡിലേക്ക് തിരിച്ച് വിടുന്നതായും ഇതിനു കാരണമാകുന്നു'. പ്രദേശവാസി പറഞ്ഞു. 'പഞ്ചായത്ത് ഉദ്യോഗസ്ഥർ സ്ഥലം സന്ദർശിച്ചിരുന്നു. ഗതാഗതം പൂർണമായും പുനർക്രമീകരിക്കാനായുള്ള നടപടികൾ പുരോഗമിക്കുകയാണ്' പഞ്ചായത്ത് പ്രസിഡന്റ് കുര്യാച്ചൻ പൈമ്പള്ളിക്കുന്നേൽ പറഞ്ഞു.

# നവീകരിച്ച റോഡ് തകർന്ന നിലയിൽ

കെ ടി അനഘ

അയ്യൻകുന്ന് ഗ്രാമ പഞ്ചായത്തിലെ വാണിയപ്പാറ തുടിമരം-തെയ്യത്താംകുന്ന് റോഡ് നിർമ്മാണം പൂർത്തിയായി ഒരു മാസത്തിനകം തകർന്നു. ഓഗസ്റ്റ് അഞ്ചാം തീയ്യതി ഉദ്ഘാടനം നിശ്ചയിച്ചിരുന്ന റോഡാണ് മഴ ശക്തമായപ്പോഴേക്കും തകർന്നത്. നിലവാരമില്ലാത്ത ടാറിങ്ങും അശാസ്ത്രീയമായ നിർമ്മാണ പ്രവർത്തനവുമാണ് ഇതിനു കാരണം. വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടിൽ നിന്ന് 10 ലക്ഷം രൂപ വകയിരുത്തി 600 മീറ്ററും പഞ്ചായത്ത് ഫണ്ടിൽ നിന്നും 5 ലക്ഷം രൂപ ഉപയോഗിച്ച് 400 മീറ്ററും ചേർന്ന് ഒരു കിലോമീറ്റർ ദൂരത്തിലാണ് റോഡ് നിർമ്മിച്ചത്.

കഴിഞ്ഞ 5 വർഷമായി കാൽനട യാത്രപോലും ദുർഘടമായ രീതിയിൽ പൊട്ടിപൊളിഞ്ഞ അവസ്ഥയിലായിരുന്നു വാണിയപ്പാറ തുടിമരം-തെയ്യത്താംകുന്ന് റോഡ്. തവസരത്തിൽ യാത്രാക്ലേശവും പ്രദേശവാസികളുടെ പരാതിയും കണക്കിലെടുത്താണ് പഞ്ചായത്ത് റോഡ് പണി ആരംഭിച്ചത്. മെയ് മാസത്തിൽ ടാറിങ്ങ് നടത്തിയ വാണിയപ്പാറ സാംസ്കാരിക നിലയത്തിന്റെ മുന്നിലുള്ള ഭാഗം മുതൽ തുരുത്തേൽ കുഞ്ഞൂഞ്ഞിന്റെ വീട് വരെയുള്ള 400 മീറ്റർ റോഡാണ് ഒരു മാസത്തിനകം തകർന്നത്.





തകർന്ന നിലയിലുള്ള വാണിയപ്പാറ



തുടിമരം-തെയ്യത്താംകുന്ന് റോഡ്

മുൻപ് മുടയരിഞ്ഞി പുന്നക്കുണ്ട് വാണിയപ്പാറ ജില്ലാ പഞ്ചായത്ത് റോഡിന്റെ പണിയിൽ നടന്ന വൻ അഴിമതിയിൽ വിവാദത്തിലായ കരാറുകാരനാണ് ഈ റോഡിന്റെയും നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തത്.

'കാലവർഷം നേരത്തേ എത്തിയ സാഹചര്യത്തിൽ ചെറിയ കേടുപാടുകൾ പ്രസ്തുത 400 മീറ്റർ ഭാഗത്ത് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിരുന്നു. അന്ന് തന്നെ ബന്ധപ്പെട്ട എഞ്ചിനീയറെയും, ഓവർസിയറെയും, കരാറുകാരനെയും പഞ്ചായത്തിൽ വിളിച്ചു വരുത്തി മഴ മാറിയാൽ ഉടൻ കേടുപാടുകൾ തീർക്കണം എന്നും അതിനു ശേഷം മാത്രമേ കരാറുകാരന് പണം ലഭ്യമാക്കാവൂ എന്നും നിർദ്ദേശം നൽകിയിട്ടുണ്ട്.' നാലാം വാർഡ് മെമ്പർ സീമ സനോജ് പറഞ്ഞു.

## അറിയിപ്പുകൾ

- ☐ പാലയാട് ഫാമിൽ നിന്നുമുള്ള അത്യുൽപ്പാദനശേഷിയുള്ള ഡബ്ല്യു സി ടി കുറ്റ്യാടി തെങ്ങിൻ തൈകൾ സബ്‌സിഡിയോട് കൂടി വിതരണം ചെയ്യുന്നു. വില-60 / നികുതിശീട്ടിന്റ പകർപ്പ് ഹാജരാക്കേണ്ടതാണ്.
- ☐ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ വ്യക്തിഗത ആസ്തി സൃഷ്ടിക്കുന്നതിനുള്ള അപേക്ഷാ ഫോറം 12/08/2022ന് മുൻപ് പഞ്ചായത്തിൽ സമർപ്പിക്കേണ്ടതാണ്.
- ☐ അംഗണവാടി കുട്ടികൾക്കും, സ്കൂൾ ജലശ്രീ ക്ലബ്ബ് അംഗങ്ങൾക്കുമുള്ള കിറ്റ് വിതരണോദ്ഘാടനം 10/08/2022 ബുധനാഴ്ച രാവിലെ 10 :30ന് അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് ഹാളിൽ വെച്ച് നടക്കുന്നതാണ്.

**അങ്ങാടിപത്രത്തിന്റെ എല്ലാ വായനക്കാർക്കും സ്വാതന്ത്ര്യദിനാശംസകൾ**

For private circulation only

എഡിറ്റോറിയൽ ടീം - ചീഫ് എഡിറ്റർ ആൻഡ് പബ്ലിഷർ: ഫാ. ഡോ. ബാസ്റ്റിൻ നെല്ലിശ്ശേരി | സ്റ്റാഫ് എഡിറ്റേഴ്സ്: അനിൽ തോമസ് നല്ലൂർ | എഡിറ്റർ ഇൻ ചാർജ്: കെ ജെ ജോജോ | സബ് എഡിറ്റേഴ്സ്: എലിസബത്ത് ടി സാബു, സെബിമോൾ കെ വർഗ്ഗീസ്സ്, നയന എം നായർ, റിം താഹി നാബം, കെ ടി അനഘ, അനുഗ്രഹ ആൻ ജോർജ് | ഫോട്ടോഗ്രഫേഴ്സ്: എലിസബത്ത് ടി സാബു | ഡിസൈൻ:അനുഗ്രഹ ആൻ ജോർജ്